**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - ജീവനക്കാര്യം - അച്ചടക്ക നടപടി - കോട്ടയം നഗരസഭ - വിജിലൻസ് മിന്നൽ പരിശോധന - ടി നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീമതി എൽ.എസ് ദീപയ്ക്കെതിരെ തുടങ്ങിവച്ച അച്ചടക്ക നടപടി അന്തിമമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇയു) വകുപ്പ്**

**സ.ഉ.(സാധാ) നം.2304/2018/തസ്വഭവ. തീയതി, തിരുവനന്തപുരം, 21/08/2018**

പരാമർശം : 1) വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 28.04.2014 തീയതിയിലെE5(SC26/2013/KTM) 31928/13 നമ്പർ കത്ത്.

2) സർക്കാരിന്റെ 28.04.2016 തീയതിയിലെ ഇയു1/113/12016 തസ്വഭവ. നമ്പർ കുറ്റാരോപണ മെമ്മോ.

3) കുറ്റപത്രത്തിന് ശ്രീമതി. എൽ.എസ് ദീപ സമർപ്പിച്ച 30.05.2016 തിയതിയിലെ പ്രതിവാദ പത്രിക

4) നഗരകാര്യ ഡയറക്ടറുടെ 5.08.2017 തീയതിയിലെ വി1-10555/16 നമ്പർ കത്ത്.

**ഉത്തരവ്**

കോട്ടയം നഗരസഭയിൽ 09/09/2013 ൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധനയിൽ നഗരസഭയിൽ പേഴ്സണൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല, ഫ്രണ്ട് ഓഫീസ് കൃത്യമായി പ്രവർത്തിക്കുന്നില്ല, ബിൽഡിംഗ് പെർമിറ്റ്, ഓണർഷിപ്പ് സർട്ടിഫിക്കറ്റ്, ജനന മരണ സർട്ടിഫിക്കറ്റുകൾ, വിവിധ പെൻഷനുകൾക്കുള്ള അപേക്ഷകൾ എന്നിവയിൽ സമയബന്ധിതമായി നടപടി സ്വീകരിച്ചിട്ടില്ല എന്നും ആയത് സേവനാവകാശ നിയമം 2012 ലെ ചട്ടങ്ങളുടെ ലംഘനമാണെന്നും കണ്ടെത്തിയതിനെ തുടർന്ന് നഗരസഭാ സെക്രട്ടറി തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീമതി.എൽ. എസ്. ദീപയ്ക്കെതിരെ പരാമർശം(1) പ്രകാരം റിപ്പോർട്ട് ചെയ്തതിനെ തുടർന്ന് അന്നത്തെ നഗരസഭാസെക്രട്ടറിയായ ശ്രീമതി എൽ.എസ്.ദീപയുടെ പേരിൽ അച്ചടക്ക നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി പരാമർശം (2) പ്രകാരം കുറ്റാരോപണ പത്രിക നൽകുകയും സൂചന(3) പ്രകാരം ടിയാൾ പ്രതിവാദ പത്രിക ഹാജരാക്കുകയും പരാമർശം (4) പ്രകാരം നഗരകാര്യ ഡയറക്ടറുടെ റിപ്പോർട്ട് ലഭ്യമായിട്ടുമുണ്ട്.

കേരള മുനിസിപ്പൽ ആക്ട് സെക്ഷൻ 50(2) പ്രകാരം നഗരസഭാ സെക്രട്ടറിയ്ക്ക് തന്റെ ചുമതലകൾ മറ്റ് ഉദ്യോഗസ്ഥർക്ക് ഡെലിഗേറ്റ് ചെയ്ത് നൽകാവുന്നതും അപ്രകാരം ഡെലിഗേറ്റ് ചെയ്ത് ചുമതല ലഭിച്ച ഉദ്യോഗസ്ഥന് സെക്ഷൻ 50(3) പ്രകാരം ടി വിഷയത്തിൽ പൂർണ്ണ ഉത്തരവാദിത്വം ഉണ്ടായിരിക്കുന്നതുമാണെന്നും ഇതിന്റെ അടിസ്ഥാനത്തിൽ കോട്ടയം നഗരസഭയിലെ വിവിധ സെക്ഷനുകളുടെ ചുമതലകൾ മുനിസിപ്പൽ എഞ്ചിനീയർ, പി.എ. ടു സെക്രട്ടറി, ഹെൽത്ത് സൂപ്പർവൈസർ, റവന്യൂ ഓഫീസർ എന്നിവർക്ക് ഡെലിഗേറ്റ് ചെയ്ത്

നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെന്നും, നഗരസഭയിൽ ഫ്രണ്ട് ഓഫീസ് പ്രവർത്തിച്ചിട്ടും അപേക്ഷകൾ സെക്ഷനുകളിൽ നേരിട്ട് സ്വീകരിക്കുന്നതിന് താൻ ഉത്തരവാദിയല്ല എന്നും, സർക്കാർ നിർദ്ദേശ പ്രകാരം ഫ്രണ്ട് ഓഫീസ് ക്രമീകരിക്കുകയും, ജനറൽ സെക്ഷൻ സൂപ്രണ്ടിന്റെ നിയന്ത്രണത്തിൽ ജി16 എന്ന സെക്ഷനെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നുവെന്നും ശ്രീമതി.എൽ.എസ്.ദീപ മറുപടി നൽകിയിട്ടുണ്ട്.

കേരള മുനിസിപ്പൽ ആക്ട് 50(2), 50 (3) പ്രകാരം നഗരസഭാ സെക്രട്ടറിയ്ക്ക് തന്റെ ചുമതലകൾ മറ്റ് ഉദ്യോഗസ്ഥർക്ക് ഡെലിഗേറ്റ് ചെയ്ത് നൽകാവുന്നതാണെന്നും ആയത് പ്രകാരം വിജിലൻസ് റിപ്പോർട്ടിൽ ഉന്നയിച്ചിരിക്കുന്ന ആരോപണങ്ങൾക്ക് അതാത് സെക്ഷൻ ക്ലാർക്കുമാരും, സെക്ഷൻ മേധാവികളുമാണ് പ്രാഥമികമായി ഉത്തരവാദികളെന്നും ശ്രീമതി.എൽ.എസ്.ദീപ നഗരസഭാ സെക്രട്ടറിയുടെ ചുമതലകൾ മറ്റ് ഉദ്യോഗസ്ഥർക്ക് ഡെലിഗേറ്റ് ചെയ്ത് നൽകിയിട്ടുണ്ടെങ്കിലും, നഗരസഭാ സെക്രട്ടറി എന്ന നിലയിൽ നഗരസഭയുടെ സുഗമവും പരാതിരഹിതവുമായ പ്രവർത്തനത്തിന് ഇക്കാര്യത്തിൽ ടി ഉദ്യോഗസ്ഥരുടെ പ്രവർത്തനം വിലയിരുത്തേണ്ടതും ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതുമായിരുന്നു. ഇക്കാര്യത്തിൽ ടിയാൾക്ക് പറ്റിയ വീഴ്ചകൾക്ക് കർശനമായ താക്കീത് നൽകിയും ഉദ്യോഗസ്ഥരുടെ ഔദ്യോഗിക കൃത്യനിർവഹണം വിലയിരുത്തുന്നതിന് ആവശ്യമായ നിർദ്ദേശം നൽകിയും തുടർനടപടി അവസാനിപ്പിക്കാവുന്ന കാര്യം പരിഗണിക്കാവുന്നതാണെന്നും നഗരകാര്യ ഡയറക്ടറും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിജിലൻസിന്റെ അന്വേഷണ റിപ്പോർട്ട്, കുറ്റാരോപണ പത്രികയ്ക്ക് ആരോപണ വിധേയ നൽകിയ പ്രതിവാദപത്രിക, നഗരകാര്യ ഡയറക്ടറുടെ റിപ്പോർട്ട് എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ശ്രീമതി എൽ.എസ് ദീപ, കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 50(2) പ്രകാരം ചുമതലകൾ മറ്റ് ഉദ്യോഗസ്ഥർക്ക് ഡെലിഗേറ്റ് ചെയ്ത് നൽകിയിരുന്നാലും നഗരസഭയിലെ കാര്യ നിർവ്വഹണ ഉദ്യോഗസ്ഥ എന്ന നിലയിൽ ഡെലിഗേറ്റ് ചെയ്ത വിഷയങ്ങളിന്മേൽ ഉദ്യോഗസ്ഥരുടെ പ്രവർത്തനം വിലയിരുത്തേണ്ടതും ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതും മേൽനോട്ടം വഹിക്കേണ്ടതുമാണ്. . എന്നിരുന്നാലും ആരോപിക്കപ്പെട്ട കുറ്റം മേൽനോട്ട വീഴ്ചയായി കണ്ട് താക്കീത് നൽകി ശ്രീമതി. എൽ.എസ്. ദീപയ്ക്കെതിരെ ആരംഭിച്ച അച്ചടക്ക നടപടി അവസാനിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**
**എസ്. മോഹൻദാസ്,**
**അഡീഷണൽ സെക്രട്ടറി.**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ശ്രീമതി എൽ.എസ്.ദീപ , മുൻ സെക്രട്ടറി, കോട്ടയം മുനിസിപ്പാലിറ്റി (നഗരകാര്യ ഡയറക്ടർ മുഖേന)
സെക്രട്ടറി, കോട്ടയം മുനിസിപ്പാലിറ്റി.
വിജിലൻസ് (ഡി) വകുപ്പ് (vide Note No. Vig-D1/789/2018-Vig. Dated 25/07/2018)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ. തിരുവനന്തപുരം (ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**